(ബി) 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള IT Park കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു. ഇത് ഐ.ടി./ഐ.ടി. അധിഷ്ഠിത സേവനങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ളതാണ്.

(സി) ആദ്യഘട്ടം മാർച്ച് 2015-ഓടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ആദിവാസി ഗോത്രസഭയുടെ നില്പ് സമരം

317 (666) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ആദിവാസി ഗോത്രസഭയുടെ നില്പ് സമരം അവസാനിപ്പിക്കാൻ സർക്കാരും സമരക്കാരും തമ്മിലുണ്ടാക്കിയ ഒത്ത് തീർപ്പ് വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഒത്ത് തീർപ്പ് വ്യവസ്ഥകൾ പ്രകാരം സർക്കാർ ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചു ; അവ ഏതെല്ലാം ; അവയുടെ കോപ്പികൾ ലഭ്യമാക്കുമോ ;

(സി) ആദിവാസികൾക്ക് നിലവിൽ ലഭ്യമല്ലാതിരുന്ന ഏതെല്ലാം ആനുകൂല്യങ്ങളാണ് പുതിയ ഒത്ത് തീർപ്പ് വ്യവസ്ഥയിലൂടെ ലഭ്യമായതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദിവാസി ഗോത്രസഭയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുമ്പിൽ നടന്ന നില്പ് സമരം അവസാനിപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വിവിധ യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) ഉണ്ട്. താഴെപ്പറയുന്ന ആറ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പുകൾ അനുബന്ധം 2-7 ആയി ഉള്ളടക്കം ചെയ്യുന്നു :*

1. സ.ഉ.(എംഎസ്.)നമ്പർ71/14/പജ.പവ.വിവ. തീയതി: 8-10-2014.
2. സ.ഉ.(എംഎസ്.)നമ്പർ72/14/പജ.പവ.വിവ. തീയതി: 8-10-2014.
3. സ.ഉ.(കൈ)നമ്പർ 79/14/പജ.പവ.വിവ. തീയതി: 29-10-2014.
4. സ.ഉ.(എംഎസ്.)നമ്പർ97/14/പജ.പവ.വിവ. തീയതി: 20-12-2014.
5. സ.ഉ.(എംഎസ്.)നമ്പർ98/14/പജ.പവ.വിവ.തീയതി:20-12-2014.
6. സ.ഉ.(സാ.ധ.)നമ്പർ 7906/2014/പൊ.ഭ.വ. തീയതി: 14-10-2014.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് കേരളത്തിലെ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് അനുവദിച്ച ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവോ എന്ന് പരിശോധിച്ച് പകരം ഭൂമി കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ 21-8-2003-ലെ എഫ്.നമ്പർ 816/2002/എഫ്.സി. കത്ത് പ്രകാരം ലഭിച്ച 7693.22557 ഹെക്ടർ ഭൂമിയ്ക്ക് ഉപരിയായി ലഭിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് അടക്കം അനുയോജ്യമായ അധികാര സ്ഥാപനങ്ങളെ സമീപിക്കും.

2. കേന്ദ്രസർക്കാരും സുപ്രീംകോടതിയും അംഗീകരിച്ച വാസയോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ വിജ്ഞാപനം ഇറക്കും. വാസയോഗ്യമല്ലെന്ന് റിപ്പോർട്ട് ചെയ്ത ഏകദേശം 1500 ഹെക്ടർ ഭൂമി ആദിവാസി പ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി വാസയോഗ്യമാണെന്ന് കണ്ടെത്തിയാൽ ആ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യും.

3. ആദിവാസി പുനരധിവാസ വികസന മിഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കും.

4. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട്, അനുയോജ്യമായ മറ്റ് നിർവ്വഹണ ഏജൻസികൾ എന്നിവ മുഖേന പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

5. മുത്തങ്ങ സമരത്തെത്തുടർന്ന് കുടിയിറക്കപ്പെട്ട ആദിവാസികളുടെ പുനരധിവാസത്തിനായി ഒരേക്കർ വീതം ഭൂമിയും, ഭവന നിർമ്മാണ ധനസഹായവും അനുവദിക്കും. ഇപ്രകാരം 447 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 2.50 ലക്ഷം രൂപ വീതം ധനസഹായം നൽകും.

6. മുത്തങ്ങ ഭൂസമരത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടവരോടൊപ്പമുണ്ടായിരുന്ന 44 കുട്ടികൾക്ക് 1 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകാം. ഇനിയും അർഹതയുള്ള കുട്ടികൾ ഉണ്ടെങ്കിൽ അവരെയും പദ്ധതിയിൽ ഉൾപ്പെടുത്തും.

LIBRARY ARCHIVES Kerala Legislative Assembly

7. സിക്കിൾസെൽ (അരിവാൾ) രോഗബാധിതരായ ആദിവാസികൾക്ക് ഇപ്പോൾ 1000 രൂപ വീതം പെൻഷൻ നൽകുന്നുണ്ട്. ഇതു കൂടാതെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരേക്കർ വീതം ഭൂമിയും വീടും നൽകാം. ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. 2015 മാർച്ച് 31-ന് മുൻപ് ഭൂമി വിതരണം പൂർത്തിയാക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

8. വേടർ സമുദായത്തിനുവേണ്ടി പ്രത്യേക പാക്കേജ് നടപ്പാക്കും.

പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം

318 (667) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിക്കാൻ പട്ടികവർഗ്ഗ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിദൂരവും ദുർഘടവുമായ പ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു ദിവസവും സ്കൂളിൽ പോയി വരുന്നതിന് യാത്രാ സൗകര്യം ഒരുക്കുന്ന "ഗോത്ര സാരഥി "എന്ന പദ്ധതി നിലവിലുണ്ട്.

(ബി) പൊതു യാത്രാ സൗകര്യമില്ലാത്തതും, വിദൂരവും, ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്ക് വീട്ടിൽനിന്നും ദിവസവും പോയി വരാനാകുന്ന വിധം വാഹന സൗകര്യം ലഭ്യമാക്കി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗോത്ര സാരഥി പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഓട്ടോറിക്ഷ, ജീപ്പ്, മറ്റ് സ്വകാര്യ വാഹനങ്ങൾ എന്നിവ സങ്കേതങ്ങളിൽ വന്ന്

LIBRARY ARCHIVES Kerala Legislative Assembly